**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1495** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഏറ്റുമാനൂർ-എറണാകുളം റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനാവശ്യമായ സ്ഥലമെടുപ്പ് പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനാവശ്യമായ സ്ഥലമെടുപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) | 10.07.2023-ന് ഗസറ്റിൽ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചശേഷം ഏറ്റെടുക്കേണ്ട എല്ലാ സ്ഥലങ്ങളുടേയും സർവ്വെ നടത്തി സബ് ഡിവിഷൻ റെക്കോർഡുകൾ തയ്യാറാക്കി ജില്ലാ സർവെ സൂപ്രണ്ടിന് സമർപ്പിച്ചുവെങ്കിലും തുടർ നടപടികൾ സ്വീകരിക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്, മഹസർ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു. ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണം കൂടുതലുള്ളതിനാലാണ് കാലതാമസം നേരിട്ടത്. |
| (സി) | കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട ചില സബ്ഡിവിഷൻ നമ്പരുകളും വടയാർ വില്ലേജിലെ എല്ലാ സബ് ഡിവിഷൻ നമ്പരുകളും റീസർവെ നമ്പരുകളും റിക്വസിഷനിലും സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട ചില സബ് ഡിവിഷൻ നമ്പരുകളും വടയാർ വില്ലേജിലെ എല്ലാ സബ് ഡിവിഷൻ നമ്പരുകളുടേയും റീസർവെ നമ്പരുകളും റിക്വിസിഷനിലും സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തി ലഭ്യമാക്കണമെന്ന് അർത്ഥനാധികാരിയെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | അർത്ഥനാധികാരി ലാന്റ് കോസ്റ്റ് അനുവദിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | ഇല്ല. ലാന്റ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഇ) | 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കാമോ? | (ഇ) | അർത്ഥനാധികാരി മുഖാന്തിരമുള്ള കെട്ടിടങ്ങളുടെ വില നിർണ്ണയം, പൊതുമരാമത്ത് ഓഫീസർ മുഖാന്തിരമുള്ള സ്ഥലവില നിർണ്ണയം എന്നിവ പൂർത്തീകരിച്ചതിനു ശേഷം 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ